(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

വനവിസ്തൃതി

115 [T 2501] ശ്രീ. ബിനോയ് വിശ്വം :
,, എൻ രാജൻ :
,, മാങ്കോട് രാധാകൃഷ്ണൻ :
,, എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐക്യ കേരളം രൂപീകൃതമായ ഘട്ടത്തിൽ കേരളത്തിന്റെ ഭൂവിസ്തൃതിയുടെ എത്ര ശതമാനം വനമാണ് നിലവിലുണ്ടായിരുന്നത്; ഇപ്പോൾ എത്ര ശതമാനമുണ്ട്;

(ബി) വനഭൂമി വിസ്തൃതി കുറയാനുണ്ടായ കാരണങ്ങൾ വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് വംശനാശ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന ജന്തു-സസ്യ വിഭാഗങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ ഓരോ വിഭാഗത്തിലും എത്ര വീതം;

(ഡി) ഇവയെ നിലനിറുത്തുന്നതിനും വംശവർദ്ധനവുണ്ടാകുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത ഘട്ടത്തിൽ കേരളത്തിന്റെ ഭൂവിസ്തൃതിയുടെ ഉദ്ദേശം 30 ശതമാനം വനമായിരുന്നു. ഇപ്പോൾ 28.99% ആണ് വനവിസ്തൃതി.

(ബി) വിവിധ പദ്ധതി ആവശ്യങ്ങൾക്കായി വനഭൂമി വെട്ടിത്തെളിച്ചതുമൂലവും, പലപ്പോഴുണ്ടായ അനധികൃത കൈയേറ്റങ്ങൾ മൂലവുമാണ് വനവിസ്തൃതിക്ക് കുറവുണ്ടായത്.

(സി) ഉണ്ട്.

സസ്തനികൾ	..	56	ഇനം
പക്ഷികൾ	..	85	ഇനം
ഉരഗങ്ങൾ	..	139	ഇനം
ഉഭയജീവികൾ	..	86	ഇനം
ശുദ്ധജല മത്സ്യങ്ങൾ	..	167	ഇനം
സസ്യങ്ങൾ	..	159	ഇനം

(ഡി) ജന്തു/സസ്യ സ്പീഷിസുകളുടെ തനതായ ആവാസ വ്യവസ്ഥയ്ക്കു വേണ്ടി സംരക്ഷിത വനങ്ങളുടെ ഒരു ശൃംഖല നിർമ്മിച്ചിട്ടുണ്ട്. പ്രോജക്ട് എലിഫെന്റ്, പ്രോജക്ട് ടൈഗർ എന്നീ പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഔഷധ സസ്യങ്ങളുടെ സംരക്ഷണത്തിനായി ഒൻപത് സംരക്ഷിത മേഖലകൾ സ്ഥാപിച്ചിട്ടുണ്ട്. ചന്ദനം,

'T' മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ചെന്തുരുണി, എബണി തുടങ്ങിയ മരങ്ങളുടെ പുനരുജ്ജീവനത്തിനും വർദ്ധനവിനും വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ വന്യജീവികളുടെ കണക്കെടുപ്പും ക്രമാനുഗതമായ മോണിറ്ററിംഗും നടത്തി വരുന്നുണ്ട്.

വന്യജീവി ആക്രമണത്തിനെതിര ഇൻഷ്വറൻസ് പരിരക്ഷ

116 [2502] ശ്രീ. ഡി. സുഗതൻ :
,, എം. കെ. പോൾസൺ മാസ്റ്റർ :
,, സി. പി. മുഹമ്മദ് :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും, അംഗഭംഗം സംഭവിക്കുന്നവർക്കും മരണപ്പെടുന്നവരുടെ ആശ്രിതർക്കും നഷ്ടപരിഹാരം നൽകുവാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) വന്യജീവി ആക്രമണങ്ങൾക്കെതിരെ വനപ്രദേശങ്ങൾക്ക് സമീപത്ത് താമസിക്കുന്നവർക്കും അവരുടെ സ്വത്തിനും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ ഉത്തരവ് (സാ.) 41/05/വനം തീയതി 20-1-2005 അനുസരിച്ച് നഷ്ടപരിഹാര തുക താഴെ പറയും പ്രകാരം ആണ്.

മരണപ്പെടുന്നവരുടെ ആശ്രിതർക്ക്	..	50,000 രൂപ
സ്ഥിര അംഗവൈകല്യം	..	25,000 രൂപ
പരുക്ക് പറ്റിയത്	..	പരുക്കിന്റെ ഗൗരവം കണക്കിലെടുത്ത് പരമാവധി 5,000 രൂപ.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

വനനശീകരണവും വന്യജീവി സംരക്ഷണവും

117 [2503] ശ്രീ. രാജു എബ്രഹാം :
,, കെ. കെ. ജയചന്ദ്രൻ:
,, എ. കെ. ബാലൻ :
,, കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനസമ്പത്ത് ഏറ്റവും ഒടുവിൽ തിട്ടപ്പെടുത്തിയത് എന്നാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly